# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1882 7-3-2018 - ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും അംഗങ്ങളെ നിയമിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (എ) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിലേയും, 2005-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനം നടത്തുന്നത്. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനത്തിനായി(ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലെ ജുഡീഷ്യൽ അംഗം ഒഴികെ) അതതു ജില്ലാ കളക്ടർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനത്തിനായി 3 അപേക്ഷകരുടെ പാനലും, ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിനായി 5 അപേക്ഷകരുടെ പാനലും, ജില്ലാ കളക്ടർമാർ സർക്കാരിൽ ലഭ്യമാക്കും. കളക്ടർമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സെലക്ഷൻ കമ്മിറ്റി കൺവീനറായ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി, പരിശോധിച്ച് ചുരുക്കപട്ടിക തയ്യാറാക്കി, പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരെ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും, നിയമവകുപ്പ് സെക്രട്ടറി മെമ്പറും, ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി കൺവീനറും ആയിട്ടുള്ള സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി ശുപാർശ ചെയ്യുന്ന പാനലിൽ നിന്നും സർക്കാരാണ് ഉപഭോക്തൃ തർക്ക പരിഹാര |

| | | | |
|---|---|---|---|
| | | | കമ്മീഷനിലെയും ജില്ലാ ഫോറങ്ങളിലെയും അംഗങ്ങളെ നിയമിക്കുന്നത്. |
| (ബി) | അംഗങ്ങളുടെ നിയമന കാലാവധി എത്രയാണെന്നും, പുനർ നിയമനം എത്ര പ്രാവശ്യം നൽകാമെന്നും ഓരോ പ്രാവശ്യം നിയമിക്കുന്നതും പുതിയ നിയമനമായി കണക്കാക്കുമോ എന്നും വ്യക്തമാക്കാമോ; | (ബി) | 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പരമാവധി 5 വർഷം അല്ലെങ്കിൽ 67 വയസ് ഏതാണോ ആദ്യം അതുവരെയാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമന കാലാവധി. പരമാവധി 5 വർഷം അല്ലെങ്കിൽ 65 വയസ് ഏതാണോ ആദ്യം അതുവരെയാണ് ജില്ലാ ഫോറങ്ങളിലെ അംഗങ്ങളുടെ നിയമന കാലാവധി. ഒരിക്കൽ നിയമിക്കുന്ന അംഗത്തെ മറ്റൊരു 5 വർഷത്തേക്കുകൂടി പുനർനിയമനം നടത്തുവാൻ വ്യവസ്ഥയുണ്ട്. പുനർനിയമനം പുതിയ നിയമനമായി കണക്കാക്കുന്നതാണ്. |
| (സി) | അംഗങ്ങളുടെ പ്രസ്തുത നിയമനത്തിന് ഓരോ പ്രാവശ്യവും പ്രത്യേകം വിജ്ഞാപനം നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രത്യേക വിജ്ഞാപനം നൽകാറുണ്ട്. |

Chithralekha R.L.

സെക്ഷൻ ഓഫീസർ

2/